# ചൈന കണ്ട് മടങ്ങുമ്പോൾ



------------------------------------------

മനോഹർ തോമസ്

യാത്രകൾ തുടങ്ങുമ്പോളൊരിക്കൽ ചൈന കാണണമെന്ന് ആഗ്രഹിച്ചിരുന്നു .പേൾ ബക്കിന്റെ "പിയോനിയും , ഗുഡ് എർത്തും " പറഞ്ഞു തന്ന ചൈന . രാവിലെ പണിആയുധങ്ങളുമായി പോകുമ്പോൾ കുട്ടികളെ കറുപ്പ് കലക്കി കൊടുത്തു ,മയക്കി കിടത്തിയിട്ട് പോകുന്ന പട്ടിണി പാവങ്ങളുടെ ചൈന . നേരിട്ട് കാണുമ്പോഴാണല്ലോ ഒരു രാജ്യത്തിൻറെ സ്പന്ദനം ഏറ്റുവാങ്ങാൻ കഴിയുന്നത് . മാർക്സ് എന്ന ജൂതൻ " Das Capital " എഴുതുമ്പോൾ ഒരിക്കലും വിചാരിച്ചിരിക്കാൻ ഇടയില്ല കമ്മ്യൂണിസം ഒരു ജനതയിൽ ഉണ്ടാക്കുന്ന പ്രായോഗിക തലങ്ങളെപ്പറ്റി . കമ്മ്യൂണിസം ഒരു രാജ്യത്തിൻറെ സിരാപടലങ്ങളിലൂടെ, ,ജനതയുടെ ആത്മാവിലൂടെ പടർന്ന് പന്തലിച്ചു അവരെ അച്ചടക്കമുള്ള ജനതയാക്കി മാറ്റി .അത് നേരിട്ട് കണ്ട് അനുഭവിക്കാനുള്ള ഭാഗ്യമാണ് ആ യാത്ര തന്നത് .

ഒരു ദിവസം എഴുത്തുകാരൻ സഖറിയ വിളിച്ചു ചോദിച്ചു " ചൈനക്ക് പോരുന്നോ " അധികം ആലോചിക്കാൻ നിന്നില്ല .പെട്ടി അടുക്കി . സഖറിയ ,മധു നായർ , ഭാര്യ Dr. സരോജ ,പിന്നെ ഞാനും അങ്ങിനെ നാലുപേരടങ്ങുന്ന ഒരു ചെറിയ കൂട്ടം . പോകേണ്ടതും കാണേണ്ടതും ആയ എല്ലാ കാര്യങ്ങളും ഇതിനുമുമ്പ് ഒരുപാട് യാത്രകൾ നടത്തിയിട്ടുള്ള സഖറിയ തരപ്പെടുത്തിയിരുന്നു .പ്ലെയിൻ ,ട്രെയിൻ ,ടാക്സി , ബസ് ,ബോട്ട് ,താമസം ,ദ്വിഭാഷി . അവർക്കു പ്രയോജനമുള്ള കാര്യമല്ലെങ്കിൽ ഇംഗ്ലീഷ് സംസാരിക്കുമെന്ന് ഒരിക്കലും പ്രതീക്ഷിക്കണ്ട ,അതുകൊണ്ട് പല നിർണായക നിമിഷങ്ങളിലും ദ്വിഭാഷി വേണ്ടിവരും . ഇരുപത്തഞ്ചു ദിവസങ്ങൾ കൊണ്ട് കണ്ട കാര്യങ്ങളെല്ലാം ചെറിയൊരു ലേഖനത്തിൽ ഒതുക്കാൻ ആകാത്തതുകൊണ്ടു ,മനസ്സിനെയും ചിന്തയെയും ഭ്രമിപ്പിച്ച കാര്യങ്ങൾ മാത്രം പറയാം .

തിരുവനന്തപുരത്തുനിന്ന് സിംഗപ്പൂരുവഴി ഷാങ്ഹായിലേക്ക് .ഷാങ്ഹായിയും ബെയ്ജിങ്ങും ചൈനയിലെ വലിയ പട്ടണങ്ങളാണെങ്കിലും ,നാൽപതു വർഷത്തോളം ന്യൂയോർക്കിൽ ജിവിച്ചതുകാരണം അവ രണ്ടും ന്യൂയോർക്കിന്റെ പരിച്ഛേദമായിട്ടേ തോന്നിച്ചുള്ളു . അംബരചുംബിയായ കെട്ടിടങ്ങൾ ,ബുള്ളറ്റ് ട്രെയിൻ ,ഗതാഗതത്തിരക്കു ,എങ്ങോട്ടെന്നില്ലാതെ തിരക്കിട്ട് പോകുന്ന മനുഷ്യർ .വഴിയിൽ ഉടനീളം കാണുന്ന ബോർഡുകൾ പോലും ,നിവൃത്തിയുണ്ടെങ്കിൽ ചൈനീസ് ഭാഷയിൽ എഴുതാൻ ശ്രദ്ധിച്ചിരിക്കുന്നതായി കാണാം .റോഡ് ,നടപ്പാത, ഡിവൈഡറുകൾ ,തണൽമരങ്ങൾ ,പൂച്ചെടികൾ , പുൽത്തകിടികൾ ,സൈൻ ബോർഡുകൾ എല്ലാം വേണ്ടപോലെ വൃത്തിയായി സംരക്ഷിച്ചിരിക്കുന്നു . ടിവി ,ഇന്റർനെറ്റ് ,ഫോൺ, ബാങ്കിങ്ങ് ,ട്രാൻസ്പോർട്ടേഷൻ തുടങ്ങി ആധുനികവും ,പൗരാണികവുമായ എല്ലാ മേഖലകളിലും ,ഒരു ചൈനീസ് ടച്ചു പ്രകടമായി കാണാം .മറ്റു രാജ്യങ്ങളുടെ ഒന്നും പ്രസക്തമല്ല .ചൈന എന്ന അവരുടെ സ്വയം പര്യാപ്തതയിൽ മുന്നോട്ട് പോകാൻ തയ്യാറായി അവർ നിൽക്കുന്നു . ഓരോ ഇടപെടലിലും ,സംരംഭങ്ങളിലും ഇത് വ്യക്തമാണ് .

ഏഷ്യയിലെ തന്നെ ഏറ്റവും നീളം കൂടിയ നദിയാണ് യാങ്സി .ലോകത്തിലെ ഏറ്റവും വലിയ ഡാം - ത്രീ ജോർജ്സ് ഇതിനു കുറുകെയാണ് കെട്ടിയിരിക്കുന്നത് . കപ്പലുകൾക്ക് അണക്കെട്ടിന് കുറുകെ കടക്കാനുള്ള സംവിധാനം ഉണ്ടെന്നത് ഒരു പ്രത്യേകതയാണ് .ഈ നദിയിലൂടെ മുന്ന് ദിവസം നീളുന്ന ഒരു കപ്പൽ യാത്ര ,മരണം വരെ ഓർക്കാൻ ദൈവത്തിന്റെ വരദാനം !!





ഷാങ്ഹായിൽ തുടങ്ങി ചോങ്കിങ് [ chongqing ] വരെയാണ് നദിയാത്ര .ഇടതൂർന്ന കാടും ,മലയിടുക്കുകളും ,പാറക്കെട്ടുകളും ,എക്കൽ കയറി പരന്നു കിടക്കുന്ന നദിതടങ്ങളും ,താണ്ടി ഒരു നീണ്ട യാത്ര .ഏതു ക്രൂയിസ് ഷിപ്പിലെയും പോലെ മൃഷ്ട്ടാന്ന ഭോജനം ,ലഹരിയിൽ ആറാടാൻ മൂന്നു ബാറുകൾ വ്യായാമം ചെയ്യാൻ ഒരുഗ്രൻ ജിംനേഷ്യം . നാല് നദിയിടുക്കുകൾ കടന്നാണ് യാങ്സി ഒഴുകുന്നത് . കുട്ടാങ് [ Qutang },വൂ { Wu },ലെസ്സർ ത്രീ {Lesser Three } ,സീലിംഗ് {Xiling } .3964 മൈൽ നീളമുള്ള ,ലോകത്തിലെ മൂന്നാമത്തെ നീളം കൂടിയ ,യാങ്സി നദി ടാങ്കുല { Tangula } റേഞ്ചിൽ തുടങ്ങി ഷാങ്ഹായിൽ അവസാനിക്കുന്നു .ചൈനക്കാർ യാങ്സിയെ നീളം കൂടിയ നദി എന്ന അർത്ഥത്തിൽ ചാങ് ജിങ് {Chang Jiang } എന്നാണ് വിളിക്കുന്നത് .ലോകത്തെ മുഴുവൻ കൊറോണ വൈറസുകൊണ്ട് വിറപ്പിച്ച വുഹാൻ എന്ന ഉൾനാടൻ പട്ടണം കടന്നാണ് യാങ്സി നദി ഒഴുകുന്നത് .മറ്റു രണ്ടുപട്ടണങ്ങൾ ജിങ്ഷു ,നാൻജിങ് എന്നിവയാണ് .ലോകത്തിലെ ഏറ്റവും വലിയ അണക്കെട്ടായ ത്രീ ഗോർജസ് ഉം ,ഏറ്റവും വലിയ powerhouse ഉം യാങ്സി നദിയിലാണ് സ്ഥിതിചെയ്യുന്നത് . 22500 കിലോവാട്ട് വൈദ്യുതിയാണ് ഒരു ദിവസം ഉൽപ്പാദിപ്പിക്കുന്നത് .പുഴയിലെ വെള്ളത്തിന്റെ വിതാനം നിയന്ത്രിച്ചു കപ്പലുകൾ ഡാമിലൂടെ അങ്ങോട്ടും ഇങ്ങോട്ടും കടക്കുന്ന വിദ്യ അത്യാകർഷകമായ കാഴ്ച്ചയാണ് .

ഈ യാത്രക്കിടക്ക് ഉണ്ടായ ഒരു വിചിത്ര സംഭവം കൂടി പറഞ്ഞില്ലെങ്കിൽ ഭംഗിയാവില്ല .ഒരു ദിവസം വൈകുന്നേരം കപ്പലിന്റെ മുകൾ തട്ടിൽ പോയി അഞ്ചു മൈൽ ഓടി ,വിയർത്തു കുളിച്ചു മുറിയൽ വരുമ്പോൾ സക്കറിയ പറഞ്ഞു , 'കുടിക്കാനും ,കൊറിക്കാനും ,ഉള്ളത് മുഴുവൻ തീർന്നിരിക്കുകയാണ് . പഴവർഗങ്ങളും ഒന്നും ബാക്കിയില്ല " സമയം വൈകിട്ട് ആറു മാണി ആയിക്കാണും ,കപ്പൽ നാൻജിങ്ങിൽ നാങ്കുരം ഇട്ടിരിക്കുകയാണ് .ഏഴു മണിക്ക് ,എന്നുവച്ചാൽ ഒരു മണിക്കൂറിനുള്ളിൽ കപ്പൽ കര വിടും . മദ്യം വിൽക്കുന്ന നാല് ബാറുകൾ കപ്പലിൽ ഉണ്ടെങ്കിലും പത്തിരട്ടി വിലയാണ് .പുറത്തു നിന്ന് എന്തും വാങ്ങി മുറിയിൽ വച്ച് കഴിക്കാം .

പറഞ്ഞു തീരുന്നതിനു മുമ്പ് ഞാനോടി . കരയുടെ വിതാനത്തിൽ നിന്ന് കപ്പലിൽ കയറണമെങ്കിൽ 262 നടകൾ ഇറങ്ങണം .ആ നടകൾ മുഴുവൻ ഒറ്റ ശ്വാസത്തിൽ ഓടിക്കയറി ,മുകളിലെത്തി അണച്ച് നിൽക്കുമ്പോൾ ,ഒരാൾ എൻ്റെ പുറകെ ഓടിവന്ന് മുമ്പിൽ നിൽക്കുന്നു .നോക്കിയപ്പോൾ കപ്പലിലെ ക്യാപ്റ്റനാണ് .വിക്കി,വിക്കി ,ചോദിച്ചു ; "എന്താ പ്രശ്നം ? " കപ്പലിൽ കയറുമ്പോൾ കിട്ടിയ ഐ ഡി എടുത്തു കാണിച്ചു .

" പലരും മറ്റു രാജ്യങ്ങളിൽ നിന്ന് വന്ന് ഇവിടെ മുങ്ങാറുണ്ട് . ഒരാൾ മുങ്ങിയാൽ കമ്മ്യൂണിസ്റ്റു രാജ്യമായതുകൊണ്ട് എന്റെ കാര്യം കട്ടപ്പൊക "

"അമേരിക്കൻ സിറ്റിസൺ ആണ് ! ഇനി എങ്ങോട്ട് മുങ്ങാൻ ? take it easy man !! എന്നും പറഞ്ഞു തോളത്തൊന്ന് തട്ടി യാത്രയായി .

നയാഗ്രാ വെള്ളച്ചാട്ടവും ,താജ് മഹലും ,കണ്ടപ്പോൾ മനസ്സിൽ കുറിച്ചിട്ട മോഹമാണ് ചൈനയിലെ വൻമതിൽ .12000 മൈൽ നീണ്ടുകിടക്കുന്ന ഈ കോട്ട അവസാനിക്കുന്നത് കടലിലാണ് .ഇത് മനുഷ്യ നിർമ്മിതമാണെന്നു അറിയുമ്പോഴാണ് ആകെ സ്തംഭിച്ചുപോകുന്നത് . ലോകാത്ഭുതങ്ങളിൽ ഒന്നായ ഈ കോട്ട മിങ് ഡയനാസ്റ്റിയാണ് പണിതതെന്ന് പറയുമെങ്കിലും ,പല ചക്രവർത്തിമാരുടെയും സാഹസികത ഇതിന്റെ പണിക്ക് മുതൽക്കൂട്ടായിട്ടുണ്ട് . പതിനായിരക്കണക്കിന് കുതിര പടയാളികളുമായി എത്തിയ ചെങ്കിസ്ഖാനെ ഈ കോട്ടയാണ് മറുവശത്തു തടഞ്ഞുനിറുത്തിയത് .കോട്ടയുടെ പ്രധാനമായ ഉദ്ദേശം ശതുക്കളെ മറുവശത്തു തടയുക എന്നതായിരുന്നു .അന്നത്തെ കാലത്തു മംഗോളിയന്മാരുടെ ആക്രമണം വളരെ ശക്തമായിരുന്നു എന്ന് ചരിത്രം പറയുന്നു .200 വർഷങ്ങൾ കൊണ്ടാണ് കോട്ടയുടെ പണി പല ഭാഗങ്ങളായി പൂർത്തിയായത് .





താഴെ നിന്ന് നോക്കുമ്പോൾ കയറാൻ വളരെ എളുപ്പമാണെന്ന് തോന്നുമെങ്കിലും , കാര്യത്തോട് അടുക്കുമ്പോൾ സ്ഥിതി മോശമാകും .പടികൾ തമ്മിലുള്ള ഉയരം രണ്ടിരട്ടിയായതുകൊണ്ട് , ആയാസപ്പെട്ട് കയറണം . ഇത്രയും ദുരം യാത്രചെയ്തുവന്നിട്ട്  വൻമതിൽ കാണാതെ,   അതിലുടെയൊന്നു നടക്കാതെ  ഒരു മടക്കയാത്ര --ആ  മനസ്സ് നമ്മളെ മുകളിലെത്തിക്കും .

മുവായിരം വർഷം പഴക്കമുള്ള ഈ മതിലിന് ഇപ്പോഴത്തെ വില കൂട്ടിഎടുത്താൽ ഒരു  നൂറു ബില്യൺ വരും .ചൈനയുടെ അന്നത്തെ ചക്രവർത്തിയായിരുന്ന കിൻ ഷി ഹാങ്ങ്  {  Qin Shi Hang }തൻ്റെ കിൻ ഡൈനാസ്റ്റി നിലനിർത്താനായി പണി ആരംഭിച്ചു ,എന്നാണ് ചരിത്രം പറയുന്നത്  മുകളിൽ കയറി താഴേക്ക് നോക്കുമ്പോൾ ,കുതിര പട്ടാളത്തിന് പോയിട്ട് ദിനോസറിനുപോലും ഇപ്പുറത്തേക്ക്  കടക്കാനാകില്ല എന്ന് മനസ്സിലാകും .

ഒരാകാംക്ഷകൊണ്ട് ദ്വിഭാഷിയായ ചെറുപ്പക്കാരിയോട് ചോദിച്ചു ,"ചൈനക്കാർ  എന്തിനെയും ഭക്ഷിക്കുമല്ലോ .അതിന് കാരണമെന്താണ് ? "അവൾ ഒറ്റവാക്കിൽ പറഞ്ഞ ഉത്തരം ഞെട്ടിച്ചു   കളഞ്ഞു .

" പട്ടിണി ".

വർഷങ്ങളോളം നീണ്ടു നിന്ന പട്ടിണി .കാലാവസ്ഥ ചതിച്ചു.കൃഷിയിടങ്ങൾ തകർന്നു ' 30 മില്യൺ ആളുകൾ മരിച്ചു എന്നാണ് പറയപ്പെടുന്നത് .അങ്ങിനെയാണ് "അനങ്ങുന്ന എന്തിനെയും തിന്നാൻ  അവർ ശീലിച്ചത് .അരണ ,ഓന്ത് ,തേള് ,വിട്ടിൽ ,പുഴു ,വാവൽ ,എല്ലാത്തരം പാമ്പുകളും ,പല്ലി ,ചുണ്ടെലി , തുരപ്പൻ .അങ്ങിനെ പോകുന്നു ആ നിര.  പലതും ഡെലികസി  ആണ് .യാഥാർഥ്യം അറിയാനായി ഒരു ചന്തയിൽ കയറി ഇറങ്ങി.എല്ലാ ജീവികളെയും ചില്ലു കുപ്പികളിൽ പ്രദർശിപ്പിച്ചിട്ടുണ്ട് .രാജവെമ്പാലയും  രക്ത അണലിയും ,വളകഴപ്പനും എല്ലാ പ്രൗഢിയോടെയും കുപ്പികളിൽ വിരാചിക്കുന്നു .ചില കുപ്പിയുടെ  പുറത്തു sale എന്ന് ഇംഗ്ലീഷിൽ എഴുതിവെച്ചിട്ടുണ്ട് .18 അടിയോളം നീളമുള്ള മലമ്പാമ്പിനെ ,ഒരാൾക്ക്  വൃത്തിയാക്കി കൊടുക്കുന്നത് കണ്ടു .ഒറ്റവെട്ട്  തലപോയി. കമത്തി   കിടത്തി ,ശരവേഗത്തിൽ ഒറ്റ കീറൽ തൊലി പോയി .കരണ്ടിപോലൊരു സാധനംകൊണ്ട് ഒറ്റ വലിക്ക് കുടലും പണ്ടവും പുറത്തു  .വറക്കാൻ  പാകത്തിന് നീളത്തിൽ ഉള്ളി അരിയുന്ന ലാഘവത്തോടെ മുറിച്ചു കൊടുത്തു .തിളങ്ങുന്ന നീല ചെതുമ്പലുള്ള രാജവെമ്പാലയെ ചുണ്ടി അവൻ പറഞ്ഞു "sale price ". ഫണം ഉയർത്തി ,'.ഇമവെട്ടാതെ ,പ്രൊഢ ഗാംഭീര്യത്തിൽ  ചെറുതായൊന്ന് ആടി ,അവനങ്ങനെ നിൽക്കുന്നു .  കൊച്ചുന്നാളിൽ ഒരു പാമ്പിന്റെ നിഴലുകണ്ടാൽ ചുരുങ്ങിയത് ഒരു മൈലെങ്കിലും ഓടിയിരുന്ന ബാല്യകാലം ഓർത്തുപോയി.

നാട്ടിൽ മണ്ണൊലിപ്പ് തടയാനായി ,കയ്യാല തിരിച്ചു ,തട്ടുതട്ടുകളായി ഭൂമി ശരിയാക്കുന്നു . ചൈനയിലെ രീതി മറ്റൊന്നാണ് . ഇരുമ്പു ചങ്ങല കളം കളമായി പിണഞ്ഞെടുത്തു മലയുടെ ഒരറ്റം മുതൽ  മറ്റേ അറ്റം വരെ വലിച്ചുകെട്ടുന്നു .പണിചെയ്യാൻ ആളുകൾ ധാരാളം ഉള്ളതുകൊണ്ടാകാം ,മൈലുകളോളം അങ്ങിനെ കെട്ടിനിർത്താൻ കഴിയുന്നത് .

ചൈന അനുഭവിച്ച ഏറ്റവും വലിയ ദുരന്തം ജനപ്പെരുപ്പമായിരുന്നു .അതിനെപ്പറ്റി ദ്വിഭാഷിയോട് ചോദിച്ചപ്പോൾ ,"  ഒന്നാമത് കൃഷിയിടങ്ങളിൽ പണിയെടുക്കാൻ ധാരാളം ആളുകൾ വേണം .  പിന്നെ ആധുനികതയുടെ കരസ്പർശം ചൈനയിൽ വന്നിട്ട് കുറച്ചു കാലമേ ആയുള്ളൂ

.ടി വി ,റേഡിയോ  തുടങ്ങിയ ഒരു കുടുംബത്തിന് രസിക്കാനും ,സന്തോഷിക്കാനും പറ്റിയ ഒന്നും അക്കാലത്തു ഉണ്ടായിരുന്നില്ല. ആകെയുള്ളത് സെക്സ് ആണ്.അതിൽ അവർ ആമഗ്നരായി ,സന്തോഷം കണ്ടെത്തിയിരുന്നു .

ഒരു ജനതയുടെ ആത്മാവിന്റെ ഭാഗമാവുക , മരണശേഷവും ,ഓരോചിനക്കാരന്റെയും  മനസ്സിൽ ജീവിക്കുക .അത് ഒരു സാധാരണ വ്യക്തിക്ക് പ്രാപിക്കാൻ പറ്റുന്ന കാര്യമല്ല .അത്രമാത്രം  കരിഷ്മയും ,നിശ്ചയ ദാർഢ്യവും ,നേതിർപാടവവും ,തികഞ്ഞ മനുഷ്യസ്നേഹിയും ,സംഹിതകളിൽ  അടിയുറച്ച വിശ്വാസവുമുള്ള ഒരാൾക്ക് മാത്രമേ അങ്ങിനെ ഒരു സ്ഥാനം ആർജിക്കാൻ കഴിയുകയുള്ളു . മാവോ സേതുങ് എന്ന വ്യക്തിക്ക് അതുകഴിഞ്ഞു .ഓരോ പൗരനും ചെയർമാൻ എന്നുസംബോധന ചെയ്യുന്ന വ്യക്തിപ്രഭാവം .



,

പല ഭരണ പരിഷ്കാരങ്ങളും ,പട്ടിണിയും ,ചൈനയെ തളർത്തിയിട്ടും ,ആ ജനതയെ തിരിച്ചു  പിടിച്ചു ഒരു സാമ്പത്തിക ഭദ്രതയുള്ള രാഷ്ട്രമാക്കാൻ മാവോക്ക് കഴിഞ്ഞു .അത് കണ്ടിട്ടാണ് അദ്ദേഹം അണ്ണടച്ചത് .1949 -ൽ ഭൂമി മുതലാളിമാരിൽ നിന്ന് ചെറുകിട കർഷകരിലേക്ക് വീതിച്ചു കൊടുക്കാൻ  തീരുമാനിച്ചു .അതൊരു വലിയ പരാജയമായി .1958 -ൽ ചൈനയിൽ ഇൻഡസ്ട്രിയലൈസേഷൻ   collectivisation  തുടങ്ങിയവ കൊണ്ടുവന്ന് ഒരു പുതിയരാജ്യം കെട്ടിപ്പടുക്കാൻ മാവോ ശ്രമിച്ചു .അതും പരാജയപ്പെട്ടു .ഇതിനിടയിൽ മില്യൺ കണക്കിന് ആളുകളാണ് പട്ടിണികൊണ്ട് മരിച്ചത് .

അപ്പോഴും മാവോയിലുള്ള വിശ്വാസം ജനങ്ങൾ കൈവിട്ടില്ല .പിന്നീട് അങ്ങോട്ട് കൃഷിയിലും വ്യവസായത്തിലും ,പ്രൊഡക്ഷനിലും ,വലിയ വ്യതിയാനം ചൈന കണ്ടു.ഭൂമി ഗവർമെന്റ് ഏറ്റെടുത്തു .രാജ്യത്തിൻറെ സിരാപടലങ്ങളിൽ ഗവർമെന്റിന്റെ കൈയൊപ്പില്ലാത്തതൊന്നും നിലനിൽക്കില്ല എന്ന അവസ്ഥ വന്നു .ഫുഡ് ഡിസ്ട്രിബ്യൂഷൻ , housing ,work routine ,എന്നു തുടങ്ങി എല്ലാ മേഘലകളും ഗവർമെന്റിന്റെ കീഴിലായി .

മലനിരകൾ മുലയൂട്ടുന്ന ഒരുൾനാടൻ ഗ്രാമം .വളഞ്ഞു പുളഞ്ഞു പോകുന്ന വഴി അവസാനിക്കുന്നത് ഒരു തടാക തീരത്താണ് . ഷോഷാൻ എന്ന ആ ഗ്രാമത്തിലാണ് മാവോ സേതുങ് ജനിച്ചു വളർന്നത് . പരൽ മീനുകൾ കൺചിമ്മുന്ന ആ തടാകത്തിനു ചുറ്റും പലതരം പൂച്ചെടികൾ നട്ടു പിടിപ്പിച്ചിരിക്കുന്നു .തടാകം ചുറ്റി കയറ്റം കയറുന്ന വഴി അവസാനിക്കുന്നത് ഒരുസ്കൂൾ മുറ്റത്താണ് . നാട്ടുപ്രമാണിയും ,സാമൂഹ്യപ്രവർത്തകനും ആയ മാവോയുടെ അപ്പൻ മാവോ യിചാങ് തുടങ്ങിയതാണ് സ്കൂൾ .അദ്ദേഹം അതിന്റെ മാനേജറും ,ഹെഡ്മാസ്റ്ററും ആയിരുന്നു .കൽത്തറ കെട്ടിയ ഒരാൽമരം സ്കൂളിനു മുമ്പിലായി പടർന്നു നിൽക്കുന്നു .വേദസാധകം ചെയ്യുന്ന അരയാലിലകൾ ഇന്നലകളുടെ ഗായത്രികൾ പാടുന്നു .സ്കൂളിനപ്പുറത്താണ് മാവോ ജനിച്ചു വളർന്ന വീട് . മ്യൂസിയമാക്കി മാറ്റിയ സ്കൂളും വീടും കാണാൻ എല്ലാ ദിവസവും ആയിരക്കണക്കിന് ആളുകൾ എത്തുന്നു .

സ്ഥലം ഗവർമെന്റ് ഏറ്റെടുത്തതോടെ ഗ്രാമങ്ങൾ തോറും നിരനിരയായി മൂന്നു നില കെട്ടിടങ്ങൾ പണിത് ,അത് അപാർട്മെന്റ് ആയി തിരിച്ചു ഓരോ കുടുംബങ്ങൾക്കും കൊടുക്കുന്നു .രണ്ടു കുട്ടികൾ വരെ ആകാം .അതിൽ കൂടുതൽ ആയാൽ ഒരു തുക ഗവേർമെന്റിന് കൊടുക്കണം . ഇപ്പോഴത്തെ അവസ്ഥയിൽ സ്വന്തമായി വീടും ,കാറും ,വസ്തുക്കളും വ്യക്തികൾക്ക് സമ്പാദിക്കാവുന്നതാണ് പണ്ട് എന്ത് പഠിക്കണമെന്നും ,എന്തുവരെ പഠിക്കണമെന്നും തീരുമാനിക്കുന്നത് ഗവർമെന്റ് ആയിരുന്നു .ആ സ്ഥിതിയും മാറി.ഇപ്പോഴത്തെ അവസ്ഥയിൽ ലോകത്തെവിടെ വേണമെങ്കിലും പോയി ജോലി ചെയ്യാൻ അനുവദിക്കും .ആ മാറ്റം ജനങ്ങളെ കൂടുതൽ ഉത്സാഹശീലരാക്കി .

കുടുതലാളുകളും ജീൻസും ടി ഷർട്ടുമാണ് ധരിക്കുന്നത് .- സ്ത്രീപുരുഷ ഭേദമെന്യേ . അതുകാരണം ആണിനേയും ,പെണ്ണിനേയും അടുത്തെത്തിയാലേ തിരിച്ചറിയാൻ പറ്റൂ . തലമുടി കൂടുതൽ പേരും പറ്റെ വെട്ടിയിരിക്കും .രാവിലെ ഹോട്ടലിൽ നിന്ന് ജോഗിങ്ങിന് ഇറങ്ങിയപ്പോൾ രണ്ടാളുകൾ കൂടി ഒരു 18 വീലർ ട്രക്കിൽ നിന്നും സാധനങ്ങൾ ഇറക്കി ചെറിയ കട്ടവണ്ടികളിൽ നിറക്കുന്നത് അകലെനിന്ന് കണ്ടു .വളരെ ഭാരമുള്ള ഇവ രണ്ടു സ്ത്രീകളാണ് unload ചെയ്യിരുന്നത് .

മാവോയുടെ കാലത്തു കൊണ്ടുവന്ന കമ്മ്യൂണിസ്റ് അധിഷ്ഠിത ഭരണക്രമങ്ങൾ  പൊതുജീവിത തലങ്ങളിൽ ഇപ്പോഴും മാറിയിട്ടില്ല .ഒരു ജനതയുടെ അച്ചടക്കം ,ചിട്ടയോടെയുള്ള പെരുമാറ്റം  നിയമം നടപ്പാക്കൽ ,ജനങ്ങളിലെ പൗരബോധം ,എല്ലാം ഇപ്പോഴും നിലനിൽക്കുന്നു .ഉദാഹരണമായി പറഞ്ഞാൽ ,ഞങ്ങൾ താമസിച്ചിരുന്ന ഹോട്ടലിന് അടുത്തായി ഒരു ഗ്രൗണ്ട് ഉണ്ട് .അവിടെ എന്തോ  പരിപാടി നടത്താനായി തോരണം കെട്ടുന്നു, കാർപെറ്റ് വിരിക്കുന്നു ,കസേരകൾ അടുക്കുന്നു .പണികൾ  തകൃതിയായി  നടക്കുന്നു. ട്രക്കിൽ പൊലീസുകാരെ കൊണ്ടുവന്ന് ഓരോ കവലയിലും ഇറക്കുന്നു . കവലകൾ തോറും ഒരു വട്ടം വരച്ചു പോലീസുകാരനെ അതിനകത്തു നിർത്തുന്നു .അയാൾ അതിനുള്ളിൽ  കണ്ണിമ വെട്ടാതെ നാലു മണിക്കൂർ അറ്റെൻഷനായി  നിൽക്കുന്നു. അടുത്തയാൾ വന്ന് ചാർജ് എടുക്കുന്നതുവരെ ,തൂണ് നാട്ടിയപോലെ ഒരാൾ നിക്കുന്നത് കാണുമ്പോഴാണ് നിയമനുഷ്ഠിത അനുസരണത്തിന്റെ സരണികൾ നമ്മെ ആവസിക്കുന്നത് .

ഇളവെയിൽ തോരണം ചാർത്തുന്ന ഒരു പ്രഭാതത്തിലാണ് ഞങ്ങൾ ടൈനാൻമെൻ square  കാണാനെത്തിയത് .വാഹനങ്ങളും ,മനുഷ്യരും , "ഇവിടെ ഒന്നും സംഭവിച്ചിട്ടില്ല  " എന്ന നിസ്സംഗതയോടെ  കടന്നു പോകുന്നു .ചരിത്രത്തിൽ രക്തം കൊണ്ടെഴുതിയ ആ കുരുതി നടന്നത് അവിടെയാണ് .ടാങ്കും , AKS 47 ,തോക്കുകളും കൊണ്ട് പട്ടാളം ,നിരായുധരായ ജനങ്ങളെ വെടിവെച്ചിട്ട യുദ്ധഭൂമി .കുടുതലും  യൂണിവേഴ്സിറ്റി കുട്ടികളായിരുന്നു  .കുപിത യൗവ്വനം  ടാങ്കുകൾക്കുനേരെ നെഞ്ചുവിരിച്ചു നിന്നു . 1989 ജൂൺ നാലിന് നടന്ന ആ കൂട്ടകുരുതിയിൽ എത്ര പേർ യാത്ര പറഞ്ഞു എന്നതിന് കണക്കില്ല .കണക്ക്  ചൈനക്കാർ പറയാൻ തയാറല്ല .എങ്ങും എഴുതിവച്ചിട്ടില്ല !





എന്തിനായിരുന്നു ആ സമരം ? കമ്മ്യൂണിസ്റ് പാർട്ടിയുടെ കുത്തകയും ,അരാജകത്വവും അവസാനിപ്പിക്കുക ,പത്ര, സ്വാതന്ത്ര്യം നിഷേധിക്കാതിരിക്കുക സംസാര സ്വാതന്ത്ര്യം അനുവദിക്കുക , സംഘം ചേരാനും ,കുട്ടു ചേർന്നുപ്രവർത്തിക്കാനുമുള്ള അവകാശം അനുവദിക്കുക . ഏതു ഭരണ പരിഷ്കാരം കൊണ്ടുവന്നാലും അത് ജനാധിപത്യ നിബദ്ധമായിരിക്കണം .ധനാധിഷ്ഠിതമായ ഏതു പരിഷ്ക്കാരവും ജനാധിപത്യപരമായി മാത്രമേ നടപ്പിലാക്കാവൂ .- ഇതൊക്കെയായിരുന്നു സമരം നയിച്ചവരുടെ ആവശ്യങ്ങൾ .ആ സമരത്തിന് ടാങ്കുകളും തോക്കുകളും കൊണ്ട് മറുപടി പറഞ്ഞ കമ്മ്യൂണിസ്റ് ചൈനയുടെ ഓർമ്മക്ക് കാലം മാറ്റിവച്ച സ്മാരകമാണ് "ടൈനാനമെൻ സ്ക്വയർ "

നേർത്ത കാറ്റടിക്കുന്നു .ഇലത്തളിർപ്പുകളിൽ താളം പിടിക്കുന്ന കാറ്റിന് രക്തത്തിന്റെ മണം . "വിപ്ലവത്തിന്റെ പരിസമാപ്തിക്ക് വേണ്ടിവന്നാൽ ജീവനെടുക്കുന്നതിൽ തെറ്റില്ല " എന്ന് പഠിപ്പിച്ച കാറൽ മാർക്സിനെ ഓർമ്മ വന്നു !!!